**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2860** **07-12-2018-ലെ മറുപടി**

**ജലവിഭവ വകുപ്പിനായി പ്ലാൻ ഫണ്ടിൽ നീക്കിവച്ചിരിക്കുന്ന തുക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. മുരളീധരൻ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | 2018-19 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിനായി പ്ലാൻ ഫണ്ടിൽ നീക്കിവച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്ലാൻ ശീർഷകത്തിൽ മേജർ ഇറിഗേഷന് വേണ്ടി 1.86 കോടി രൂപയും ചെറുകിട ജലസേചനത്തിന് വേണ്ടി 234.80 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2018 നവംബർ 26 വരെ മേജർ ഇറിഗേഷന് വേണ്ടി 1,50,25,554/- രൂപയും മൈനർ ഇറിഗേഷന് വേണ്ടി 33,30,93,163/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയിൽ 2018 നവംബർ 26 വരെ എത്ര തുകയാണ് ചെലവാക്കിയിരിക്കുന്നത്; വിശദമാക്കാമോ? | | കേരള വാട്ടർ അതോറിറ്റിക്ക് പ്ലാൻ ഫണ്ടിനത്തിൽ 376.43 കോടി രൂപ വകയിരുത്തുകയും 2018 നവംബർ 26 വരെ 310.44 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.<br><br>ഭൂജല വകുപ്പിനായി 2182 ലക്ഷം രൂപ വകയിരുത്തുകയും 773.433 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.<br><br>2018-19 സാമ്പത്തിക വർഷം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിക്കു കീഴിൽ വിവിധ ശീർഷകങ്ങളിലായി 246 കോടി രൂപ വകയിരുത്തുകയും 90.95 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.<br><br>2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ഐ.ഡി.ആർ.ബി. ക്ക് 151 .02 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. അതിൽ നിന്നും 2018 നവംബർ 26 വരെ 52 കോടി രൂപ |

| | | | |
|---|---|---|---|
| | | | ചെലവാക്കുകയും ചെയ്തു.<br><br>പ്രോജക്ട്-1 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള വിവിധ ജലസേചന പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം 9631 ലക്ഷം രൂപ വകയിരുത്തുകയും 1033.19197 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.<br><br>പ്രോജക്ട് 2 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള പദ്ധതികൾക്കായി 7896 ലക്ഷം രൂപ വകയിരുത്തുകയും 3182 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.<br><br>2018-19 സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾക്കായി 4711-01-103-86-01-00 പ്ലാൻ (വി) എന്ന ശീർഷകത്തിൽ പ്രധാൻമന്ത്രി കൃഷി സിൻചായ് യോജന 50% CSS ൽ ഉൾപ്പെടുത്തി 95,66,73,000/- (തൊണ്ണൂറ്റഞ്ച് കോടി അറുപത്താറ് ലക്ഷത്തി എഴുപത്തിമൂവായിരം) രൂപ അനുവദിക്കുകയും 2018 നവംബർ 26 വരെ പ്രസ്തുത തുകയിൽ 34,69,74,473/- (മുപ്പത്തിനാല് കോടി അറുപത്തൊമ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി നാന്നൂറ്റി എഴുപത്തിമൂന്ന്) രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ